തടവുകാർക്ക് മെച്ചപ്പെട്ട കൂലിയും ഭക്ഷണവും നൽകാൻ നടപടി

84 (1553) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലിൽ തടവുകാർ ചെയ്യുന്ന ജോലിക്ക് കൂലി നിശ്ചയിച്ചിട്ടുള്ളത് എത്ര രൂപ വീതമാണ് ;

(ബി) ഇവർ ചെയ്യുന്ന ജോലിയുടെ കൂലി വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മെച്ചമായ ഭക്ഷണം തടവുകാർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തടവുകാരുടെ മെയിന്റനൻസ് കോസ്റ്റ് ആയ 32 രൂപ ഉൾപ്പെടെ അവരുടെ ജോലിയുടെ സ്വഭാവമനുസരിച്ച് 9 രൂപ മുതൽ 23 രൂപ വരെ പ്രതിദിനം വേതനമായി നൽകിവരുന്നു. തുറന്ന ജയിലിലെ തടവുകാരന് ഒരു ദിവസത്തെ ജോലിക്ക് 30 രൂപയാണ് വേതനമായി നൽകിവരുന്നത്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 24-9-1998-ലെ ക്രിമിനൽ അപ്പീൽ നം.308/86 എന്ന വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച വേജ് ഫിക്സേഷൻ ബോഡിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 3-4-2000-ലെ ജി.ഒ.(എം.എസ്.)77/2000/ആഭ്യന്തരം എന്ന ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനമാണ് ഇപ്പോൾ തടവുകാർക്ക് നൽകി വരുന്നത്. തടവുകാരുടെ വേതനം 2000-ൽ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വേതന വർദ്ധന ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) തടവുകാർക്ക് ഇപ്പോൾ നൽകിവരുന്ന ഭക്ഷണ സാധനങ്ങളെക്കുറിച്ച് പഠിച്ച് മെച്ചപ്പെട്ട ഭക്ഷണം ശുപാർശ ചെയ്യുന്നതിലേക്ക് ആഭ്യന്തര വകുപ്പ് അഡീഷണൽ സെക്രട്ടറി അദ്ധ്യക്ഷയായുള്ള ഒരു കമ്മിറ്റി 14-3-2003-ലെ ജി.ഒ.(ആർ.റ്റി.) 413/2003/ആഭ്യന്തരം എന്ന ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ചീമേനിയിലെ തുറന്ന ജയിൽ

85 (1554) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ചീമേനിയിൽ നടന്നുവരുന്ന തുറന്ന ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) തുറന്ന ജയിലിന്റെ ഭാഗമായി ആശുപത്രി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly